"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം- എറണാകുളം ജില്ല- VC 03/2026/EKM വിജിലൻസ് കേസിൽ അറസ്റ്റിലായ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് തേർഡ് ഗ്രേഡ് ഓവർസിയർ ശ്രീ.ദീപേഷ് കുമാർ T (Pen-801613)-യെ സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.781/2026/LSGD തീയതി,തിരുവനന്തപുരം, 16-03-2026

---

പരാമർശം:-

1. DySP, VACB എറണാകുളം യൂണിറ്റ് നല്കിയ 24.02.2026-ലെ അറസ്റ്റ് ഇന്റിമേഷൻ .
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25-02-2026, 07-03-2026 തീയതികളിലെ LSGD/PD/6155/2026-VIGC1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, എറണാകുളം യൂണിറ്റ് Prevention of Corruption (Amendment) Act 2018- ലെ സെക്ഷൻ 7(a) പ്രകാരം രജിസ്റ്റർ ചെയ്ത VC 03/2026/EKM നമ്പർ വിജിലൻസ് കേസിൽ പ്രതിയായ എറണാകുളം ജില്ലയിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ തേർഡ് ഗ്രേഡ് ഓവർസിയർ ശ്രീ.ദീപേഷ് കുമാർ T. (Pen-801613)-യെ കാക്കനാട് സിവിൽ സ്റ്റേഷൻ പരിസരത്ത് വെച്ച് 24/02/2026 രാത്രി 11.30 മണിയ്ക്ക് അറസ്റ്റ് ചെയ്തതായി പരാമർശം (1) പ്രകാരം വിജിലൻസ് അറിയിച്ചതായും ബഹു. മൂവാറ്റുപുഴ വിജിലൻസ് കോടതി ശ്രീ. ദീപേഷ് കുമാർ. റ്റി-യെ 25.02.2026 മുതൽ 11.03.2026 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടിട്ടുള്ളതാണ് എന്നും പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജിലൻസ് കേസിൽ പ്രതിയായി Prevention of Corruption (Amendment) Act 2018 പ്രകാരം അറസ്റ്റിലായ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് തേർഡ് ഗ്രേഡ് ഓവർസിയർ ശ്രീ. ദീപേഷ് കുമാർ. റ്റി-യ്ക്ക് എതിരെ വകുപ്പുതലനടപടി സർക്കാർതലത്തിൽ സ്വീകരിയ്ക്കേണ്ടതായിട്ടുണ്ട്. ക്രിമിനൽ കുറ്റത്തിനോ മറ്റെന്തെങ്കിലും കുറ്റത്തിനോ നാല്പത്തിയെട്ട് മണിയ്ക്കൂറിൽ കൂടുതൽ കസ്ററഡിയിൽ കഴിഞ്ഞ സർക്കാർ ഉദ്യോഗസ്ഥൻ സ്വാഭാവികമായും സസ്പെന്റ് ചെയ്യപ്പെട്ടതായി കണക്കാക്കാവുന്നതുമാണ്. ആയതിനാൽ വിജിലൻസ് കേസിൽ 24/02/2026 രാത്രി 11.30 മണിയ്ക്ക് അറസ്റ്റ് ചെയ്യപ്പെട്ട തേർഡ് ഗ്രേഡ് ഓവർസിയർ

ശ്രീ.ദീപേഷ് കുമാർ T. (PEN:801613)-യെ 24/02/2026 AN പ്രാബല്യത്തിൽ 1960 ലെ കെ.സി.എസ്(സി.സി&എ) റൂൾസിലെ ചട്ടം 10(1)(a)(b), 10(3) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ടിയാൾക്ക് KSR Part I ചട്ടം 55 പ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീ.ദീപേഷ് കുമാർ T. (Pen:801613), തേർഡ് ഗ്രേഡ് ഓവർസിയർ, വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് (തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. വിജിലൻസ് വകുപ്പ്.
4. വിജിലൻസ് ഡയറക്ടർ, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
6. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
7. കരുതൽ ഫയൽ (EWA3/52/2026-LSGD).

ഉത്തരവിൻ പ്രകാരം

Signed by Asha. R
Date: 16-03-2026 22:07:56

സെക്ഷൻ ഓഫീസർ